**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2204** **12-12-2022 - ൽ മറുപടിയ്ക്ക്**

**സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നു :<br><br>1. പൊതു, സംയുക്ത, സഹകരണ, സ്വകാര്യ മേഖലകളിലെ വിവിധ തരം സംരംഭങ്ങൾക്ക് അവരുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് അനുയോജ്യമായ മാനേജ്മെന്റ് സംവിധാനം വളർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.<br><br>2. വ്യാവസായികം, കൃഷി, ഭവനം, ഉർജ്ജം, ആരോഗ്യ പരിപാലനം, ഗതാഗതം, വിദ്യാഭ്യാസം തുടങ്ങിയ സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലും ഫലപ്രദമായ മാനേജ്മെന്റ് സംവിധാനങ്ങൾ വികസിപ്പിക്കുക.<br><br>3. ഉൽപ്പാദനം, എഞ്ചിനിയറിങ്, മാനവ വിഭവശേഷി, ധനകാര്യം, വിപണനം, ഗവേഷണവും വികസനവും തുടങ്ങിയ മാനേജ്മെന്റിന്റെ വിവിധ പ്രവർത്തന മേഖലകളിൽ നടത്തിപ്പിനുള്ള പ്രാപ്തി വികസിപ്പിക്കുക.<br><br>4. മാനവ വിഭവശേഷി തെരഞ്ഞെടുക്കൽ, പരിശീലനം, വികസനം, ആസൂത്രണം, കരിയർ വികസനം എന്നിവയിൽ സംരംഭങ്ങളെ സഹായിക്കുക.<br><br>5. സംരംഭങ്ങൾക്ക് ആവശ്യമായ കൺസൾട്ടൻസി സേവനങ്ങൾ ഏറ്റെടുക്കുക.<br><br>6. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന മാനവ വിഭവശേഷിക്കും പുതിയ ജോലികൾ ഏറ്റെടുക്കുന്നവർക്കും പരിശീലനം നൽകുക, കൃത്യമായ |

ഇടവേളകളിൽ മാനേജർമാർക്ക് ഹ്രസ്വകാല ഫ്രെഷർ പ്രോഗ്രാമുകൾ നൽകുക.

7. വിവിധ ഭരണ നിർവ്വഹണ ബോർഡുകളിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഡയറക്ടർമാർക്കും, സംരംഭങ്ങളുടെ മാനേജ്മെന്റ് ചുമതലയുള്ള സർക്കാർ ഉദ്യോഗസ്ഥർക്കും ട്രേഡ് യൂണിയൻ നേതാക്കൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

8. പുതിയതും നിലവിലുള്ളതുമായ സംരംഭകരെ സഹായിക്കുന്നതിന് സംരംഭകത്വ വികസന പരിപാടികൾ സംഘടിപ്പിക്കുക.

9. പരിസ്ഥിതിയെ അടിസ്ഥാനമാക്കിയുള്ള മാനേജ്മെന്റ് രീതികൾ അവലംബിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടത്തുന്നതിനും അതിൽ ഏർപ്പെടുന്നതിനും വികസനത്തിനുമായി ഒരു ഗവേഷണ സെൽ സ്ഥാപിക്കുക.

10. വിവിധ സ്ഥാപനങ്ങളിൽ പ്രവർത്തിക്കാനാഗ്രഹിക്കുന്നവരുടെ അഭിരുചിയും കഴിവും വിലയിരുത്തുന്നതിന് സർക്കാരുകളെ സഹായിക്കുക.

11. മുഴുവൻ സമയ ഡയറക്ടർമാർ ഉൾപ്പെടെയുള്ള ഉന്നതല മാനേജർമാർ, ചീഫ് എക്സിക്യൂട്ടീവുകൾ തുടങ്ങിയ തസ്തികകളിലേക്ക് വ്യക്തികളെ തെരഞ്ഞെടുക്കുന്നതിൽ സർക്കാരുകളെ സഹായിക്കുക.

12. മധ്യനിര മാനേജർമാരേയും, മറ്റു തലങ്ങളിലുള്ള മാനേജർമാരേയും തെരഞ്ഞെടുക്കുന്നതിൽ സ്ഥാപനങ്ങളെ സഹായിക്കുക.

13. സ്വന്തം നിലയിൽ മാനേജ്മെന്റ് വികസന പരിപാടികൾ വികസിപ്പിക്കുന്നതിന് താരതമ്യേന വലിയ സ്ഥാപനങ്ങളെ സഹായിക്കുക.

14. സ്ഥാപനങ്ങളിൽ മാനേജ്മെന്റിനെക്കുറിച്ചുള്ള ശിൽപശാലകൾ, കോൺഫറൻസുകൾ, മീറ്റിംഗുകൾ, പ്രഭാഷണങ്ങൾ, സെമിനാറുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും സംഘടനകളെ ക്രമീകരിക്കുന്നതിനും സഹായിക്കുക.

15. സർക്കാർ, പൊതു സംയുക്ത, സഹകരണ, സ്വകാര്യ സംരംഭങ്ങൾ, സർവ്വകലാശാലകൾ, പ്രൊഫഷണൽ സ്ഥാപനങ്ങൾ, മാനേജ്മെന്റ്

| | | | |
|---|---|---|---|
| | | | മേഖലയിലെ അസോസിയേഷനുകൾ എന്നിവയുടെ ഏകോപന ഏജൻസിയായി പ്രവർത്തിക്കുക.<br><br>16. വികസന മാനേജ്മെന്റുമായി ബന്ധപ്പെട്ട ഗവേഷണ പ്രബന്ധങ്ങൾ, പ്രബന്ധങ്ങൾ, പുസ്തകങ്ങൾ, ആനുകാലികങ്ങൾ, സാഹിത്യങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുക.<br><br>17. ലൈബ്രറികൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.<br><br>18. യോഗ്യതയുള്ള പണ്ഡിതന്മാർക്കും പ്രൊഫഷണൽ നേട്ടങ്ങൾ നേടിയ വ്യക്തികൾക്കും ഫെലോഷിപ്പുകൾ നൽകുക.<br><br>19. മാനേജ്മെന്റ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്ന ദേശീയ-അന്തർദേശിയ സർവ്വകലാശാലകൾ, സ്ഥാപനങ്ങൾ, അസോസിയേഷനുകൾ എന്നിവയുമായി സാധ്യമായ സഹകരണത്തിൽ പ്രവർത്തിക്കുക.<br><br>20. സെന്ററിന്റെ പരിപാടികൾക്ക് അംഗീകാരവും വ്യാപകമായ സ്വീകാര്യതയും തേടുക.<br><br>21. സെന്ററിന്റെ വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നവർക്കുള്ള താമസസ്ഥലങ്ങൾ, ഹോസ്റ്റലുകൾ എന്നിവ വഴി താമസ സൗകര്യം സജ്ജീകരിക്കുക.<br><br>22. സെന്ററിന്റെ മേൽപ്പറഞ്ഞ ലക്ഷ്യങ്ങളുമായി സാന്ദർഭികവും അനുബന്ധവുമായ മറ്റ് പ്രവർത്തനങ്ങൾ തുടരുക എന്നതാണ് മേൽപ്പറഞ്ഞ ലക്ഷ്യങ്ങളുടെയും വസ്തുതകളുടെയും നേട്ടം. |
| (ബി) | വിവിധ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ലിസ്റ്റ് അനുസരിച്ചല്ലാതെ നേരിട്ട് റിക്രൂട്ട്മെന്റ് നടത്തുന്നതിന് സി.എം.ഡി.യ്ക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഇല്ല. |
| (സി) | സി.എം.ഡി. മുഖേന റിക്രൂട്ട്മെന്റ് നടത്തുന്ന നടപടിക്രമം എന്താണെന്ന് അറിയിക്കുമോ; | (സി) | പൊതുമേഖലാ/സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും ഹ്യൂമൻ റിസോഴ്സ് സപ്പോർട്ട് സർവീസിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ടി സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന സേവന വേതന വ്യവസ്ഥകൾക്കനുസരിച്ച് നോട്ടിഫിക്കേഷൻ തയ്യറാക്കി പത്ര/മാധ്യമങ്ങൾ/വെബ്-സൈറ്റ് മുഖേന പരസ്യം നൽകുന്നു. ലഭിക്കുന്ന അപേക്ഷകൾ നോട്ടിഫിക്കേഷൻ മാനദണ്ഡങ്ങൾക്കനുസരിച്ച് സൂക്ഷ്മപരിശോധന നടത്തി ലിസ്റ്റ് തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | പ്രസ്തുത സ്ഥാപനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കും. ലിസ്റ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എഴുത്തു പരീക്ഷ, നൈപുണ്യ പരീക്ഷ, വാചാ പരീക്ഷ എന്നിവ ടി സ്ഥാപനം നിർദ്ദേശിക്കുന്ന തീയതികളിലും സമയത്തും നടത്തുന്നു. തുടർന്ന് മേൽപ്പറഞ്ഞ പരീക്ഷകളുടെ<br>ഫലം സ്ഥാപനങ്ങൾക്ക് കൈമാറുന്നു. ബാക്കിയുള്ള നടപടിക്രമങ്ങൾ പ്രസ്തുത സ്ഥാപനങ്ങളാണ് നടത്തുന്നത്. |
| (ഡി) | എംപ്ലോയ്മെന്റിലും പ്രൊഫഷണൽ എംപ്ലോയ്മെന്റിലും രജിസ്റ്റർ ചെയ്ത് സീനിയോറിറ്റി അനുസരിച്ച് ജോലിയ്ക്കായി കാത്തിരിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ ഉള്ളപ്പോൾ അവരെ മറികടന്നുകൊണ്ട് സി.എം.ഡി. മുഖേന നിയമനം നടത്തുന്ന രീതി അടിയന്തരമായി അവസാനിപ്പിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പൊതുമേഖല സ്ഥാപനങ്ങൾ സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ നിയമന നടപടികളിൽ സേവനം നൽകുക എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രകാരം മാത്രമാണ് പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ